بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 25.10.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### ജർമനിയിലെ മഹ്ദിയാബാദിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**കുഫ്റും ഈമാനും തമ്മിലുള്ള വ്യത്യാസം നമസ്കാരം ഉപേക്ഷിക്കലാണ്. ഈ നിർദ്ദേശം നമ്മെ പിടിച്ചുലയ്ക്കുന്നതായിരിക്കണം, നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവനാണ് വിശ്വാസി. അല്ലെങ്കിൽ അവനും ഒരു കാഫിറും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കില്ല. അതുകൊണ്ട് നാം മസ്ജിദുകൾ നിർമ്മിക്കുന്നതോടൊപ്പം ആ മസ്ജിദുകളോടുള്ള കടമകളും പൂർത്തിയാകേണ്ടതുണ്ട്. സ്വന്തം ആരാധനകളുടെയും നിലവാരം ഉയർത്തേണ്ടത് നിർബന്ധമാണ്. സ്വന്തമായി നന്മകൾ നിർവഹിക്കുകയും തന്റെ ധാർമികത ഉയർത്തുകയും മറ്റുള്ളവരെ നന്മ ചെയ്യുന്നതിലേക്ക് പ്രേരിപ്പിക്കുന്നതും അനിവാര്യമാണ്.**

أَشۡهَدُ أَنۡ لَّآ إِلٰهَ إِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَأَشۡهَدُ أَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

أَمَّا بَعۡدُ فَأَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۔ اَلرَّحۡمٰنِ الرَّحِيۡمِ ۔ مٰلِكِ يَوۡمِ الدِّيۡنِ ۔ إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِيۡنُ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۔ صِرَاطَ الَّذِيۡنَ أَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۔

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹക്ക്ശേഷം ഹുസൂർ തിരുമനസ്സ് സൂറ ഹജ്ജിലെ 42-ാമത്തെ ആയത്ത് തിലാവത്ത് ചെയ്തു.

اَلَّذِيۡنَ إِنۡ مَّكَّنّٰهُمۡ فِي الۡأَرۡضِ أَقَامُوا الصَّلٰوةَ وَاٰتَوُا الزَّكٰوةَ

وَأَمَرُوۡا بِالۡمَعۡرُوۡفِ وَنَهَوۡا عَنِ الۡمُنۡكَرِ ؕ وَلِلّٰهِ عَاقِبَةُ الۡأُمُوۡرِ

ഭൂമിയിൽ നാം അവർക്ക് സ്വാധീനം നല്കിയാൽ, നമസ്കാരം നിലനിർത്തുകയും സകാത്ത് നല്കുകയും നല്ല കാര്യങ്ങൾ കല്പിക്കുകയും നിഷിദ്ധ കാര്യങ്ങൾ നിരോധിക്കുകയും ചെയ്യുന്നവരായിരിക്കും അവർ. സകല കാര്യങ്ങളുടേയും പര്യവസാനം അല്ലാഹുവിങ്കലാകുന്നു,

ഈ ആയത്തിൽ അല്ലാഹു സത്യവിശ്വാസികളുടെ ശ്രദ്ധ തിരച്ചിരിക്കുന്നത് പ്രബലത ലഭിച്ച് കഴിഞ്ഞാൽ നമസ്കാരങ്ങൾ നിലനിർത്തുകയും പള്ളികൾ ജനനിബിഡമാക്കി വെക്കുകയും മനുഷ്യസൃഷ്ടികളെ സേവിക്കുകയും ചെയ്യുന്നവരായിരിക്കും യഥാർഥ വിശ്വാസികൾ എന്നാണ്. അവർ അല്ലാഹുവിനോടുള്ള ഭയം നിലനിർത്തികൊണ്ട് അഗതികളുടെയും ദരിദ്രരുടെയുംമേൽ സ്വന്തം ധനം ചെലവഴിക്കുന്നവരായിരിക്കും. അവർ ദീനിന്റെ പ്രചാരണത്തിനായി ത്യാഗങ്ങൾ വരിക്കുകയും അതുപോലെ സൽകാര്യങ്ങളിലേക്ക് സ്വയം ശ്രദ്ധ നല്കുകയും മറ്റുള്ളവരുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നതാണ്. തിന്മകളിൽ നിന്ന് സ്വയം രക്ഷപ്പെടുകയും മറ്റുള്ളവരെ തടയുകയും ചെയ്യുന്നതാണ്. കാരണം അവർ അല്ലാഹുവിനോട് ഭയം വെച്ച് പുലർത്തുന്നവരാണ്. അതിനാൽ അല്ലാഹു അവരുടെ കാര്യങ്ങൾക്ക് ഉത്തമമായ പ്രതിഫലം നല്കുന്നതാണ്. എന്തുകൊണ്ടെന്നാൽ എല്ലാ വസ്തുക്കളുടെയും അന്തിമ തീരുമാനം അല്ലാഹുവാണ് നിശ്ചയിക്കുന്നത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: നിങ്ങൾ ഇവിടെ മഹ്ദി ആബാദിൽ മസ്ജിദ് നിർമ്മിച്ചു. അതിന്റെ ഉദ്ഘാടനവും നിർവഹിച്ചിരിക്കുന്നു. നൂറ് പള്ളികൾ എന്ന ഉദ്ദേശ്യത്തിന്റെ കീഴിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിരവധി പള്ളികൾ നിർമ്മിക്കാനുള്ള തൗഫീഖ് ജർമനി ജമാഅത്തിന് ലഭിച്ച് കൊണ്ടിരിക്കുന്നു. ഒരോ അഹ്മദിയും അവരുടെ ലക്ഷ്യം പള്ളികൾ നിർമ്മിക്കുന്നതിലൂടെ പൂർത്തിയായിയെന്ന് ധരിക്കരുത്. മറിച്ച് ആത്മാർത്ഥതയോട്കൂടി ആരാധനകളിലേക്ക് ശ്രദ്ധ നല്കുകയും സ്വന്തം നമസ്കാരങ്ങൾ നിലനിർത്തുകയും ജമാഅത്തായ നമസ്കാരങ്ങൾക്കായി പള്ളിയിൽ വരികയും ചെയ്യുമ്പോഴാണ് അത് പൂർത്തിയാകുകയെന്ന് ഓർക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുത്തഖിയുടെ ഗുണഗണങ്ങൾ വിവരിച്ച് കൊണ്ട് പറയുന്നു:

അവർ യുഖീമുനസ്സ്വലാത്ത് നിർവഹിക്കുന്നവരാണ്. അതായത് നമസ്കാരം നിലനിർത്തുന്ന വരാണ്. മുത്തഖി അല്ലാഹുവിനെ ഭയപ്പെടുന്നു. അങ്ങനെ അവൻ നമസ്കാരം നിർവഹിക്കുന്നു. ആ അവസ്ഥയിൽ വിവിധങ്ങളായ ദുർബോധനങ്ങളും അപകടങ്ങളും ഉണ്ടാകുന്നു. അവ സൃഷ്ടികപ്പെടുകയും അവന്റെ മുന്നിൽ തടസ്സങ്ങളായി മാറിക്കൊണ്ടിരിക്കുകയും ചെയ്യും. പറയുന്നു: ഒരു മുത്തഖി വികാരങ്ങളുടെ ഈ പോരാട്ടത്തിലും നമസ്കാരങ്ങൾ നിലനിർത്തി പോരുന്നതാണ്. ജാഗ്രതയോടും പരിശ്രമത്തോടുംകൂടി വീണ്ടും വീണ്ടും അത് നിർവഹിച്ച് കൊണ്ടിരിക്കുന്നു. ഹുസൂർ തിരുമനസ്സ് പറയുന്നു; ഇനി ഒരു തുടർച്ചയെന്നോണം മനുഷ്യൻ നമസ്കാരത്തിന്റെ ഉന്നതമായ സ്ഥാനം നേടിയെടുക്കണമെന്ന ലക്ഷ്യത്തോടെ നമസ്കാരം നിലനിർത്തി പോരുകയും അക്കാര്യത്തിനായി പരിശ്രമിക്കുകയും ചെയ്യുമ്പോൾ ഒരു സമയം വന്നുചേരുന്നതാണ്, അതിൽ അല്ലാഹു തന്റെ വചനത്തിലൂടെ ഹിദായത്ത് പ്രദാനം ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഏതുപോലെ ഭൗതീക ആഹാരം കൂടാതെ ജീവിക്കാൻ സാധ്യമാകില്ലയോ അതുപോലെ തന്നെ നമസ്കാരം കൂടാതെയും ജീവൻ നിലനിൽക്കുകയില്ല. ഈ ആഹാരത്തിലൂടെയും ഒരു ആനന്ദം ലഭിക്കുന്നതാണ്. ശക്തമായ ദാഹമുള്ളപ്പോൾ ശീതളപാനീയത്തിലൂടെ ലഭിക്കുന്നത് പോലെ നമസ്കാരത്തിൽ അതിന്റെ തനതായ ആനന്ദവും താൽപര്യവും നല്കപ്പെടുന്നതാണ്. കാരണം അവൻ ശക്തമായ വികാരവിചാരത്തോടെയാണ് അത് സേവിക്കുന്നത്. ദാഹം ശമിച്ച് നിർവൃതി കൈവരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശ്വാസിയും മുത്തഖിയും നമസ്കാരത്തിൽ നിന്ന് നിർവൃതി കരസ്ഥമാക്കുന്നു. അതിനാൽ നമസ്കാരം ഭംഗിയോടെ നിർവഹിക്കേണ്ടതാണ്. പറയുന്നു: നമസ്കാരം എല്ലാ പുരോഗതികളുടെയും അടിത്തറയും ഗോവണിയുമാണ്. അതുകൊണ്ടാണ് വിശ്വാസിയുടെ മിഅ്റാജാണ് നമസ്കാരമെന്ന് പറയപ്പെടുന്നത്. അതു മുഖേന അല്ലാഹുവിന്റെ സമീപത്ത് എത്തിചേരാൻ സാധിക്കുന്നതാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ആയതിനാൽ അത്തരം നമസ്കാരങ്ങൾ നിർവഹിക്കുന്നതിനായി നാം പള്ളികൾ നിർമ്മിക്കേണ്ടതാണ്. നാം പള്ളികൾ നിർമ്മിക്കുന്നതിലേക്ക് ശ്രദ്ധ നല്ക്കുന്നത്, അല്ലാഹുവിന്റെ സാമിപ്യം നേടി തരുന്ന ആ മിഅ്റാജ് കരസ്ഥമാക്കുന്നതിനും അല്ലാഹുവിനോട് സംസാരിക്കുന്നതിനും വേണ്ടിയാണ്. അതിനാൽ ഈ സ്ഥാനം എങ്ങനെ കരസ്ഥമാകും എന്ന് ചിന്തിച്ച് നിരാശപ്പെടേണ്ടതില്ല. തുടർച്ചയായുള്ള പരിശ്രമത്തിലൂടെയാണ് അല്ലാഹു ഇത് നമുക്ക് നല്കുക. ഒരുപാട് ആളുകൾ നമസ്കാരത്തിൽ ശ്രദ്ധ നില്ക്കുന്നില്ലായെന്നും പറഞ്ഞ് എനിക്ക് എഴുതാറുണ്ട്. അതിനുള്ള പ്രതിവിധി ഇതാണ്. പരിശ്രമം നടത്തികൊണ്ട് വീണ്ടും വീണ്ടും ശ്രദ്ധ നല്കിക്കൊണ്ടിരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മനുഷ്യൻ ദുർബോധനത്തിന് ഇരയാകാതിരിക്കുകയെന്നതും അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുമാകുന്നു. അത്തരം സഹാചര്യത്തിൽ മനുഷ്യൻ ദുർചിന്തകൾക്ക് അടിപ്പെടാതിരിക്കുകയാണെങ്കിൽ അതും പ്രതിഫലത്തിന് വഴി ഒരുക്കുന്നതാണ്.അല്ലാഹു അതിനും പ്രതിഫലം നല്കുന്നു. പറയുന്നു: നഫ്സെ അമ്മാറ അഥവാ ദോഷപ്രവണമായ ആത്മാവുള്ളവർക്ക് തിന്മ എന്താണെന്ന് അറിയില്ല. നഫ്സെ ലവ്വാമ്മ അഥവാ ശാസകാത്മകമായ ആത്മാവുള്ളവർ തിന്മകൾ ചെയ്യുമ്പോൾ ഒരു ഭയം അനുഭവിക്കുന്നു. സ്വയം ലജ്ജിതനായി തീരുന്നു. ആയതിനാൽ ഈ നഫ്സെ ലവ്വാമയുടെ അവസ്ഥയിലുണ്ടാകുന്ന തിന്മകളിൽ ലജ്ജിതനായി തീരുന്നുവെങ്കിൽ അതിലും അല്ലാഹുവിന്റെ പ്രതിഫലം ലഭിക്കുന്നതാണ്. അത്തരം വ്യക്തി നഫ്സിന് അടിമയായിരിക്കില്ല. പറയുന്നു: മനുഷ്യൻ തളരാതിരിക്കുകയാണ് ചെയ്യേണ്ടത്. സുജൂദിൽ *യാഹയ്യു യാഖയ്യൂം ബി റഹ്മത്തിക അസ്തഗീസ്* എന്നത് ധാരാളമായി ചെല്ലുക. എന്നാൽ ധൃതി, വിപത്താകുമെന്നതും ഓർത്ത് കൊള്ളുക. വർഷങ്ങളായിട്ടുള്ള അധ്വാനത്തിനും പരിശ്രമത്തിനും ശേഷം അവസാനം പിശാചിന്റെ ആക്രമണത്തിന് വീര്യം കുറയുന്നതാണ്. അങ്ങനെ പിന്നീട് അവൻ വിട്ട് അകലുകയും ചെയ്യുന്നു. എന്നാൽ ധൃതികാണിക്കുകയും നമസ്കാരം നിലനിർത്തുന്ന കാര്യത്തിൽ പരിപൂർണ ശ്രമം ഉണ്ടാകാതിരിക്കുകയും ചെയ്യുന്നെങ്കിൽ മനുഷ്യൻ പിശാചിന്റെ പിടിയിൽ അകപ്പെടുന്നതാണ്. ഹുസൂർ തിരുമനസ്സ് പറയുന്നു: എന്നാൽ മനുഷ്യൻ ഭൗതീക ലോകത്തെ കുറിച്ചു മാത്രമാണ് അല്ലാഹുവിനോട് ചോദിക്കുന്നതെങ്കിൽ അത്തരം ദുആകൾ അല്ലാഹു സ്വീകരിക്കില്ലെന്ന കാര്യം ഗ്രഹിച്ച് കൊള്ളുക. അല്ലാഹുവിനോട് ആത്മീയതയിലും ദീനിലും പുരോഗതി ചോദിക്കുകയും അല്ലാഹുവിന്റെ സാമിപ്യം തേടുകയും ചെയ്യുക. അങ്ങനെ അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാകുന്നതാണ്. അതിലൂടെ ആ വ്യക്തിയുടെ ഭൗതീകാവശ്യങ്ങളും പൂർത്തിയാകുന്നതാണ്. മസീഹ് മൗഊദ്(അ) ഈ വിഷയം വിവരിച്ച് കൊണ്ട് പറയുന്നു:

നമസ്കാരങ്ങളിൽ സ്വന്തം ഭാഷയിലും ദുആകൾ ചെയ്തുകൊള്ളുക. അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് ഏതൊന്നിലാണ് ഉള്ളൊരുക്കവും മനസാന്നിധ്യവും ഉണ്ടായിതീരുന്നത് അതിനെയാണ് നമസ്കാരം എന്ന് പറയുന്നത്. അത്തരത്തിൽ ആരില്ലെല്ലാമാണ് ഉള്ളൊരുക്കമുണ്ടാകുന്നത് ആ ആളുകൾ തിന്മകളിൽ നിന്ന് വിദൂരപ്പെടുന്നതാണ്. ഏതുപോലെ പറയുന്നു:

إِنَّ الْحَسَنٰتِ يُذْهِبْنَ السَّيِّاٰتِ അതായത് നന്മകൾ തിന്മകളെ ദൂരീകരിക്കുന്നതാണ്. ഇവിടെ ഹസനാത്ത് എന്നതിന്റെ അർഥം നമസ്കാരമെന്നാണ്. അത് ഔന്നത്യത്തോടും വിനയത്തോടുംകൂടി സ്വന്തം ഭാഷയിൽ ദുആ ചെയ്യുന്നതിലൂടെയാണ് ലഭിക്കുക. പിന്നീട് അവിടുന്ന് പറയുന്നു: ഉത്തമമായ ദുആ ഫാത്തിഹയാകുന്നു. കാരണം അത് ദുആകളുടെ പൂർണതയാകുന്നു. സൂറഃ ഫാത്തിഹയിൽ അല്ലാഹു നമുക്ക് ഒരു ദുആ പഠിപ്പിച്ചിരിക്കുന്നു, *ഇഹ്ദിന സ്വിറാത്തൽ മുസ്തഖീം* നിങ്ങൾ അല്ലാഹുവിനെ കണ്ടുമുട്ടുന്ന നേരായ മാർഗം അന്വേഷിക്കുക. എന്നിട്ട് ദുആ ചെയ്യുക, അല്ലയോ നാഥാ! ഞാൻ നിന്റെ പാപിയായ ദാസനാകുന്നു. പാഴ്വസ്തുവാകുന്നു. എന്നെ വഴി നടത്തിയാലും. ചെറുതും വലുതുമായ എല്ലാ സ്ഥാനങ്ങളും യാതൊരു മടിയും കൂടാതെ അല്ലാഹുവിനോട് നിങ്ങൾ ചോദിക്കുക. യഥാർഥ ദാതാവ് അവനാകുന്നു. ധാരാളമായി ദുആ ചെയ്യുന്നവനാണ് ഏറ്റവും നന്മയുള്ളവൻ. കാരണം ഒരു പിശുക്കന്റെ വാതിലിൽ പോയി ഒരു യാചകൻ എല്ലാ ദിവസവും യാചിക്കുന്നതായാൽ അവസാനം ഒരു ദിവസം ആ പിശുക്കനും ലജ്ജ വരുന്നതാണ്. അങ്ങനെയിരിക്കെ അല്ലാഹുവി

നോട് ചോദിക്കുന്നവന് എന്തുകൊണ്ട് ലഭിക്കില്ല. ആയതിനാൽ ചോദിക്കുന്നവൻ തീർച്ചയായും ഒരിക്കൽ അത് കരസ്ഥമാക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ബയ്അത്തിന്റെ അവസരത്തിൽ ചെയ്യപ്പെടുന്ന തൗബയിലൂടെ ഒരു അനുഗ്രഹമുണ്ടാകുന്നതാണെന്ന് ഓർത്തുകൊള്ളുക. അതിനോടൊപ്പം ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതാണെന്ന നിബന്ധനകൂടി വെക്കുമ്പോൾ പുരോഗതി കൈവരുന്നതാണ്. എന്നാൽ മുന്തിക്കുയെന്നത് നിങ്ങളുടെ കഴിവിൽപ്പെട്ടതല്ല. മറിച്ച് അതിനായി ദൈവസഹായത്തിന്റെ വളരെയധികം ആവശ്യകതയുണ്ട്. ഏത് പോലെ അല്ലാഹു പറയുന്നു;

وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا അതായത് ആരാണ് നമ്മുടെ മാർഗത്തിൽ പരിശ്രമിക്കുന്നത് അവസാനം അവർ നേർവഴിയിൽ എത്തിച്ചേരുന്നതാണ്. ദൈവീക സഹായം കൂടാതെ മാറ്റം സാധ്യമല്ല. അവന്റെ സഹായം ലഭിക്കുന്നതിനും അവന്റെ അനുഗ്രഹം ലഭിക്കുന്നതിനും ദുആ നിർബന്ധമായും ചെയ്യേണ്ടതാണ്. അതുകൊണ്ട് തന്നെയാണ് അഞ്ചുനേര നമസ്കാരങ്ങളിൽ സൂറ ഫാത്തിഹ പാരായണം ചെയ്യണമെന്ന കല്പന നല്കിയിരിക്കുന്നത്. അതിൽ *ഇയ്യാക നഅ്ബുദു, ഇയ്യാക്കന നസ്തഈൻ* എന്ന് പറഞ്ഞിരിക്കുന്നു. അതായത് ആരാധനയും നിന്നോടാണ്, സഹായവും നിന്നിൽ നിന്നാണ് ആഗ്രഹിക്കുന്നത്. ഇതിൽ രണ്ട് കാര്യങ്ങൾ സൂചിപ്പിക്കുന്നു. അതായത് എല്ലാ നല്ലകാര്യങ്ങൾക്കായി പദ്ധതികളും കഠിന പരിശ്രമവും നടത്തുക. കാരണം ഒരു വ്യക്തി വെറും ദുആ മാത്രം ചെയ്യുന്നു എന്നാൽ കഠിന പരിശ്രമം ചെയ്യുന്നില്ലായെങ്കിൽ അയാൾ അത് നേടുന്നവനാകില്ല. ഏതുപോലെ കർഷകൻ വിത്ത് പാകി, എന്നാൽ അദ്ധ്വാനിക്കുന്നില്ലായെങ്കിൽ പിന്നെ വിളവ് എന്ത് പ്രതീക്ഷിക്കാനാണ്. അതുപോലെയാണ് ദീനിന്റെ കാര്യവും. അതിൽ കപടവിശ്വാസിയും അലസനും സ്വാലിഹും വിവിധ ഉന്നത ധാർമികാവസ്ഥകൾ ഉള്ളവരും ഉണ്ടാകുന്നു. ചിലർ നാൽപത്തോളം വർഷകാലം നമസ്കാരം അനുഷ്ഠിക്കുന്നുണ്ടെങ്കിലും ആദ്യ ദിനങ്ങളിൽ എന്നപോലെ തന്നെയാണ്. ഒരു പുരോഗതിയുമുണ്ടായിട്ടുണ്ടാകില്ല. റമദാനിലെ മുപ്പത് നോമ്പുകൾ നോൽക്കുന്നു, അതും പ്രയോജനം നല്കുകയില്ല. ഒരുപാട് ആളുകൾ പറയാറുണ്ട്, ഞങ്ങൾ വലിയ മുത്തഖികളാണ്. നീണ്ടകാലമായി നമസ്കാരവും നിർവഹിക്കുന്നു. എന്നാൽ ദൈവീക സഹായം കരഗതമായിട്ടില്ല. അതിനുള്ള കാരണം ഇതാണ്, ആചാരപരവും അനുകരണ പൂർണവുമായ നമസ്കാരമാണ് അവർ നിർവഹിക്കുന്നത്. പുരോഗതിയെ കുറിച്ചുള്ള യാതൊരു ചിന്തയും അവർക്കില്ല. പാപങ്ങളെ തിരിച്ചറിയുന്നില്ല, സത്യസന്ധമായ തൗബ അവർ ആവശ്യപ്പെടുന്നില്ല. അങ്ങനെ ആദ്യപടിയിൽ തന്നെ അവർ നിൽക്കുന്നു. അത്തരം മനുഷ്യൻ മൃഗത്തിൽ നിന്ന് വിഭിന്നനല്ല. അങ്ങനെയുള്ള നമസ്കാരങ്ങൾ ദൈവത്തിങ്കൽ നിന്ന് വിപത്തുകൾ കൊണ്ടുവരുന്നു. അതിന് സ്വീകാര്യത ലഭിക്കുകയില്ല. മറിച്ച് അത് മുഖത്തേക്ക് വലിച്ചെറിയപ്പെടുന്നതാണ്. നമസ്കാരം എന്നാൽ അത് അഭിവൃദ്ധി കൊണ്ടുവരണം. ഹുസൂർ തിരുമനസ്സ് പറയുന്നു: അതുകൊണ്ട് ആചാരപരമായ നമസ്കാരം ശരിയായ ഒന്നല്ല. അതിന് മാറ്റം ഉണ്ടാവണം. ദുആ സ്വീകരിക്കും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. പിന്നെ എന്ത്കൊണ്ടാണ്, തന്റെ ദുആകൾ സ്വീകരിക്കപ്പെടാത്തത് എന്ന് ചിന്തിക്കുക. അതുപോലെ തന്നെ ഇബാദത്ത്എന്നാൽ അതിലൂടെ അല്ലാഹുവിന്റെ സാമിപ്യം ലഭിക്കുന്നതായിരിക്കണം.

പിന്നീട് നമസ്കാരത്തിന്റെ യാഥാർഥ്യം വിവരിച്ച് കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നമസ്കാരം എന്നാൽ യഥാർഥത്തിൽ ദുആ ആകുന്നു. നമസ്കാരത്തിൽ പറയപ്പെടുന്ന ഒരോ പദവും ദുആയുടെ അടയാളമാണ്. നമസ്കാരത്തിൽ ഹൃദയസാന്നിധ്യം ഉണ്ടാകുന്നില്ലായെങ്കിൽ പിന്നെ ശിക്ഷയ്ക്കായി തയ്യാറായി കൊള്ളുക. ഏതൊരു വ്യക്തിയാണ് ദുആ ചെയ്യാത്തത്, അവൻ നാശത്തിന്റെ സമീപത്തല്ലാതെ മറ്റെവിടെയാണ്. അല്ലാഹു മനുഷ്യന് എപ്പോഴും സമാധാനം നല്കാൻ തയ്യാറാണ്, എന്നാൽ അവനോട് അത് ചോദിക്കണമെന്നതാണ് നിബന്ധന. ധിക്കാരത്തിൽ നിന്ന് വിട്ട് നില്ക്കുകയെന്നത് ദുആ സ്വീകരിക്കുന്നതിനായി നിർബന്ധമാണ്. വളരെയധികം ശക്തിചെലുത്തി ദുആ ചെയ്യുക. കാരണം കല്ലിനു മേൽ കല്ലു ശക്തിയായി ഉരസുമ്പോഴാണ് തീയുണ്ടാകുന്നത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: അങ്ങനെ നാം ഈ അവസ്ഥ ഉള്ളിൽ സൃഷ്ടിക്കുമ്പോൾ നമ്മുടെ നമസ്കാരങ്ങളും നമ്മുടെ കർമ്മങ്ങളും അല്ലാഹുവിന്റെ തൃപ്തിക്ക് കാരണമായി ഭവിക്കുന്നു. പിന്നീട് അല്ലാഹുവും നമ്മുടെ ഭയപാടുകളെ സമാധാനമാക്കി മാറ്റുന്നു. നബി(സ)തിരുമേനിയുടെ ഈ നിർദ്ദേശത്തെ നാം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്, കുഫ്റും ഈമാനും തമ്മിലുള്ള വ്യത്യാസം നമസ്കാരം ഉപേക്ഷിക്കലാണ്. ഈ നിർദേശം നമ്മെ പിടിച്ചുലയ്ക്കുന്നതായിരിക്കണം, നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവനാണ് വിശ്വാസി. അല്ലെങ്കിൽ അവനും ഒരു കാഫിറും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കില്ല. അതുകൊണ്ട് നാം മസ്ജിദുകൾ നിർമ്മിക്കുന്നതോടൊപ്പം ആ മസ്ജിദുകളോടുള്ള കടമകളുംപൂർത്തിയാകേണ്ടതുണ്ട്. സ്വന്തം ആരാധനകളുടെയും നിലവാരം ഉയർത്തേണ്ടത് നിർബന്ധമാണ്. ധനത്യാഗങ്ങളിലേക്കും ശ്രദ്ധ നല്കേണ്ടത് നിർബന്ധമാണ്. സ്വന്തമായി നന്മകൾ നിർവഹിക്കുകയും തന്റെ ധാർമികത ഉയർത്തുകയും മറ്റുള്ളവരെ നന്മ ചെയ്യുന്നതിലേക്ക് പ്രേരിപ്പിക്കേണ്ടതും അനിവാര്യ

മാണ്. സ്വയം സാമൂഹികമായ തിന്മകളിൽ നിന്ന് രക്ഷ നേടുകയും മറ്റുള്ളവരെ രക്ഷിക്കേണ്ടതും നിർബന്ധ മാണ്. അല്ലാത്തപക്ഷം നമ്മുടെ ബയ്അത്ത് വാചാല പരമായ ബയ്അത്ത് മാത്രമായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹു വിന്റെ ഉദ്ദേശ്യം തന്നെ സ്വന്തം ഉദ്ദേശ്യമാക്കി മാറ്റുന്നവ രായി നിങ്ങൾ മാറുക. അവന്റെ തൃപ്തിയിൽ തൃപ്ത രാകുക. സ്വന്തമായി ഒന്നും ഇല്ലാത്തവിധം എല്ലാം അ വന്റെതായി മാറ്റുക. പരിശുദ്ധത എന്ന് പറയുന്നതിന്റെ അർഥം ഹൃദയംകൊണ്ട് അല്ലാഹുവിനോടുള്ള കർമപ രവും വിശ്വാസപരവുമായ എതിർപ്പ് ഇല്ലാതായിതീരു ക എന്നാണ്. പറയുന്നു: ഞാൻ സമൂഹത്തിന്റെ പെരു പ്പം കണ്ട് ഒരിക്കലും സന്തോഷിക്കില്ല. മറിച്ച് ബയ്അ ത്തിന്റെ യഥാർഥ്യം പൂർത്തിയാക്കുമ്പോഴാണ് യഥാർ ഥമായ നിലയിൽ ജമാഅത്ത് എന്ന് വിളിക്കാൻ അർഹ ത നേടുക. സത്യസന്ധമായ നിലയിൽ ഒരു പരിശുദ്ധ മാറ്റം സൃഷ്ടിക്കപ്പെടണം. അവരുടെ ജീവിതം പാപത്തി ന്റെ മാലിന്യത്തിൽ നിന്ന് പരിപൂർണ പരിശുദ്ധത കൈ വരിക്കുകയും ഹഖുല്ലാഹ്, ഹഖുൽ ഇബാദ് എന്നിവ വിശാല ഹൃദയത്തോടെ പരിപൂർണവും സമ്പൂർണവുമാ യ നിലയിൽ നിർവഹിക്കപ്പെടുകയും ദീനിന് വേണ്ടി യും ദീനിന്റെ പ്രചാരണത്തിന് വേണ്ടിയും അവരിൽ ഒ രു വിങ്ങൽ സൃഷ്ടിക്കപ്പെടുകയും സ്വന്തം ആഗ്രഹങ്ങ ളെയും ഉദ്ദേശ്യങ്ങളെയും അഭിലാഷങ്ങളെയും എരിച്ച് കളഞ്ഞ് അല്ലാഹുവിന്റെതായി മാറുകയുംവേണം. തീർ ച്ചയായും ജമാഅത്തിലെ ആളുകളും അവരുടെ എതി രാളികളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലായെങ്കിൽ പിന്നെ അല്ലാഹു ആരുടെയും ബന്ധുവല്ലയെന്നും ഓർ ത്തു കൊള്ളുക. പറയുന്നു: إِنَّمَا يَتَقَبَّلُ اللّٰهُ مِنَ الْمُتَّقِيْنَ അല്ലാ ഹുവിനെ ഭയന്നുകൊണ്ട് ദൈവീക തീരുമാനത്തിന് വി പരീതമായ കാര്യങ്ങളെ ഉപേക്ഷിക്കുന്നവനാണ് മു ത്തഖി. ദുആയിലും ഏതുവരെ സത്യസന്ധമായ തു ടിപ്പും ഉത്കണ്ഠയും ഉണ്ടാകുന്നില്ലയോ അതുവരെ അ ത് തീർത്തും നിഷ്ഫലവും നിരർഥകമായ പ്രവൃത്തി യാകുന്നു. സ്വീകാര്യതക്ക് വ്യാകുലത നിബന്ധനയാ കുന്നു. പറയുന്നു:

أَمَّنْ يُّجِيْبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوْٓءَ

അതായത് ഗതിമുട്ടിയവൻ ദുആ ചെയ്യുമ്പോൾ അവ ന്റെ ദുആ അല്ലാഹു സ്വീകരിക്കുന്നതാണ്. അവന്റെ ബു ദ്ധിമുട്ട് അകറ്റപ്പെടുന്നതാണ്.

പിന്നീട് പറയുന്നു: ഭാര്യാമക്കളുടെ സംസ്കരണ വും നിങ്ങൾക്ക് നിർബന്ധമാണ്. പറയുന്നു: അല്ലാഹുവി ന്റെ സഹായം എപ്പോഴും നന്മയിൽ മുന്നേറു മ്പോ ഴാണ് ലഭിക്കുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ നമ്മെ ഈ ദുആ പഠിപ്പിക്കുന്നു: أَصْلِحْ لِيْ فِيْ ذُرِّيَّتِيْ എന്റെ ഭാര്യാമക്കളെയും നീ പരിശുദ്ധീകരിക്കണേ. സ്വന്തം അവസ്ഥയിൽ ഉണ്ടാക്കുന്ന പരിശുദ്ധമാറ്റത്തിനും ദു ആകൾക്കുമൊപ്പം സ്വന്തം സന്താനങ്ങൾക്കും ഭാര്യ ക്ക് വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. കാരണം അധി ക കുഴപ്പങ്ങളും സന്താനങ്ങൾ മുഖേനയോ ഭാര്യ മൂ ലമോ ആണ് മനുഷ്യന്റെമേൽ ആപതിക്കുന്നത്. അതു കൊണ്ട് അവരുടെ പരിഷ്കരണത്തിലേക്കും ശ്രദ്ധ നല്കുക. അവർക്ക് വേണ്ടിയും ദുആ ചെയ്ത് കൊ ണ്ടിരിക്കുക.

അല്ലാഹു നമുക്ക് പരിശുദ്ധമായ മാറ്റം സ്വന്തം അ വസ്ഥകളിൽ സൃഷ്ടിക്കുന്നതിനുള്ള തൗഫീഖ് നല് കി അനുഗ്രഹിക്കുമാറാകട്ടെ. സ്വന്തം നമസ്കാരങ്ങൾ നിലനിർത്തി അതിന്റെ ഉന്നത പദവികൾ വരെ എത്തി ചേരുന്നവരാകട്ടെ. സ്വന്തം ധനത്തെയും പരിശുദ്ധീ കരിക്കുന്നവരാകട്ടെ. നമ്മുടെ ധാർമീകതക്ക് ഉന്നതി ലഭിക്കുമാറാകട്ടെ. നന്മകൾ ചെയ്യുന്നവരും പ്രചരി പ്പിക്കുന്നവരുമാകട്ടെ. തിന്മകളിൽ നിന്ന് അകലുന്ന വരും സ്വന്തം സന്താനങ്ങളെ അതിൽ നിന്ന് അകറ്റി നിർത്തുന്നവരുമായിരിക്കട്ടെ. പള്ളി നിർമാണത്തോ ടൊപ്പം തന്നെ യഥാർഥ ഇസ്ലാം ഈ രാജ്യത്തിലെ പട്ടണങ്ങൾ വരെ എത്തിക്കുന്നവരായി മാറട്ടെ. അവ രെ ഏകദൈവത്തെ ആരാധിക്കുന്നവരാക്കി മാറ്റുന്ന വരാകട്ടെ. നാം നമ്മുടെ ഉള്ളിൽ ഉന്നതമായ മാറ്റ ങ്ങൾ സൃഷ്ടിക്കുമ്പോഴാണ് ഇതെല്ലാം നമ്മുക്ക് സാ ധ്യമാകുക. അല്ലാഹു അതിനുള്ള തൗഫീഖ് നല്കു മാറകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mahdi Abad Germany. – on 25.10.2019
Malayalam Translation: **Moulavi Hashim Ashraf Alappuzha** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516